**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 888** **29-08-2022 - ൽ മറുപടിയ്ക്ക്**

**എസ് .സിഎസ്.ടി. വിഭാഗത്തിലെ മിശ്രവിവാഹിതർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | എസ് .സി എസ്.ടി. വിഭാഗങ്ങളിലെ മിശ്രവിവാഹിതർക്ക് സാമൂഹികവും സാമ്പത്തികവുമായ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്; വിശദാംശം നൽകാമോ; | (എ) | മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികവിഭാഗവും പങ്കാളി പട്ടികേതര വിഭാഗത്തിൽ പ്പെട്ടതുമായിരിക്കണം) വിവാഹത്തെതുടർന്ന് ഉണ്ടാകുന്ന സാമൂഹ്യ പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000/-രൂപ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗങ്ങളിലെ മിശ്രവിവാഹിതർക്ക് ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ ധനസഹായം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | (ബി) | ഉണ്ട്.<br><br>**<u>പട്ടികജാതി വിഭാഗം</u>**<br><br>വിവാഹ ശേഷം ഒരു വർഷം കഴിഞ്ഞ് 3 വർഷത്തിനകം അപേക്ഷിക്കണം. ഭാര്യാഭർത്താക്ക ന്മാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, പട്ടിക വിഭാഗത്തിൽപ്പെട്ട വ്യക്തിയുടെ വരുമാന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, സഹവാസ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുൻസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. പ്രതിവർഷ വരുമാന പരിധി ഒരു ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്.<br><br>**<u>പട്ടികവർഗ്ഗ വിഭാഗം</u>**<br><br>വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷവും 3 വർഷത്തിനുള്ളിലും അപേക്ഷ സമർപ്പിക്കണം. അപേക്ഷകന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, ദമ്പതികൾ ഒരുമിച്ച് താമസിക്കുന്നുവെന്ന ഗസറ്റഡ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രം തുടങ്ങിയവ സഹിതം അപേക്ഷ അതാത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നൽകേണ്ടതും ആയത് ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ അന്വേഷണം നടത്തി മിശ്രവിവാഹം മൂലം കഷ്ടതയനുഭവിക്ക ന്നവർക്കുള്ള |

| | | | |
|---|---|---|---|
| | | | ധനസഹായത്തിന് അർഹരാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ജില്ലാതല ഓഫീസിലേക്ക് ശിപാർശ ചെയ്യുകയും ആയത് പ്രകാരം ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നു. |
| (സി) | എത്ര രൂപയുടെ ധനസഹായമാണ് അനുവദിക്കുന്നത്; | (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് 75,000/-രൂപ ധനസഹായമായി അനുവദിച്ചുവരുന്നു. |
| (ഡി) | ധനസഹായം അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ